# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ :- എസ്.ഹരികിഷോർ, ഐഎഎസ്)

വിഷയം:- കുടുംബശ്രീ - പ്രത്യേക വിപണന മേളകൾ - സംഘാടനത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:- കുടുംബശ്രീ മാർക്കറ്റിംഗ് വിഭാഗത്തിന്റെ വാർഷിക കർമ്മ പദ്ധതി2018-19

**_Order No. 11685/J/2018/KSHO dated 07.12.2018_**

2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ പ്രാദേശിക വിപണി നേടികൊടുക്കുന്നതിനും, പ്രാദേശിക തലത്തിൽ ലഭിക്കുന്ന വിപണനാവസരങ്ങൾ കുടുംബശ്രീ സംരംഭകർക്ക് പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി പ്രത്യേക വിപണനമേളകൾ അഥവാ സ്പെഷ്യൽ ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുവാൻ മേൽ സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു.

ജില്ലയിലെ പ്രമുഖ ഉത്സവങ്ങൾ, വിവിധ മത സ്ഥാപനങ്ങളുടെ ഉത്സവാഘോഷങ്ങൾ, തദ്ദേശീയ വിപണന മേളകൾ, തദ്ദേശീയ വിശേഷ അവസരങ്ങൾ എന്നിവ തൊട്ടു കായിക മാമാങ്കങ്ങൾക്കും ആഗോള അന്തർദേശീയ കലാ-സാംസ്കാരിക കൂട്ടായ്മകൾക്കും അനുബന്ധമായി വലിയ രീതിയിൽ ഉള്ള ഉൽസവാന്തരീക്ഷം ജില്ലകളിൽ സൃഷ്ടിക്കപ്പെടാറുണ്ട്. ഇത്തരം ഉത്സവാന്തരീക്ഷത്തിന് അനുബന്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, മാധ്യമ-സ്വകാര്യ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടങ്ങൾ, പ്രമുഖ മത സാമുദായിക പ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെ സംഘാടന മേൽനോട്ടത്തിലും പങ്കാളിത്തത്തിലും പ്രാദേശികമായ വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. ഇത്തരം വിപണന മേളകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ഒരു വിപണി സൃഷ്ടിച്ചു സംരംഭകർക്ക് വിറ്റുവരവുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയും ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തി ഉപഭോക്താക്കളുടെ ഇടയിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത നേടികൊടുക്കുവാനുമാണ് പ്രത്യേക വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. പ്രാദേശികമായ ഉത്സവങ്ങളോടനുബന്ധമായി കുടുംബശ്രീ ഉത്പന്നവിപണനമേളകൾ സംഘടിപ്പിക്കുന്നത് വിപണനാവസരത്തിനുപരി സംഘടനാ സംവിധാനത്തിന്റെ ഉണർവിനും കാരണമാകുന്നു എന്ന് മുൻവർഷങ്ങളിൽ നിന്നുള്ള അനുഭവപാഠങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പ്രാദേശിക തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഇത്തരം വിപണനമേളകൾ സി.ഡി.എസ് കളുടെ സംഘടനാ ശക്തി പരിപോഷിപ്പിക്കുന്നതിനും പ്രാദേശിക സംരംഭക-ഉപഭോക്തൃ കെട്ടുറപ്പ് കൂട്ടുന്നതിനുമുള്ള അവസരങ്ങൾകൂടി ആയി പരിഗണയിക്കപ്പെടുമ്പോൾ സംരംഭകത്വത്തിലേയ്ക്ക് വരാൻ കുടുംബശ്രീ വനിതകൾക്ക് പ്രചോദനമായി മാറുമെന്നും പ്രതീക്ഷിക്കുന്നു.

ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പ്രാദേശിക വിപണനാവസരം ഉപയോഗപ്രദമാക്കുന്നതിനുമായി ജില്ലാമിഷൻ

നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, മാധ്യമ-സ്വകാര്യ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടങ്ങൾ, പ്രമുഖ മത സാമുദായിക പ്രസ്ഥാനങ്ങൾ മുഖാന്തിരമോ 2018-19 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയും കുറഞ്ഞത് 4 സ്പെഷ്യൽ ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു. ജില്ലയിലെ പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണനാവസരങ്ങൾ കണ്ടെത്തി ജില്ലയുടെ സ്പെഷ്യൽ ട്രേഡ് ഫെയർ കലണ്ടർ തയ്യാറാക്കി ടി കലണ്ടറിന് ആസ്പദമായി പ്രാദേശിക വിപണനാവസരങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഡി.എം.സി മാർ ഉറപ്പുവരുത്തേണ്ടതാണ്.

പ്രത്യേക വിപണന മേളകൾ അഥവാ സ്പെഷ്യൽ ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുന്നതിന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുക 2018-19 വർഷത്തിലെ മാർക്കറ്റിംഗ് വാർഷിക കർമ്മപദ്ധതി പ്രകാരം BD 02 സ്പെഷ്യൽ ട്രേഡ് ഫെയർ എന്ന ശീർഷകത്തിൽ എൻ.ആർ.എൽ.എം. പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇപ്രകാരം സ്പെഷ്യൽ ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുമ്പോൾ താഴെ പരാമർശിച്ചിരിക്കുന്ന ചെലവിനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്. ഓരോന്നിന്റെയും ബില്ലുകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

- വിപണന സംവിധാനങ്ങൾ അഥവാ സ്റ്റാൾ, പന്തൽ മറ്റ് പശ്ചാത്തല സൗകര്യങ്ങൾ മുതലായവ സജ്ജീകരിക്കുന്നതിന്
- സ്റ്റാൾ വാടക (ആവശ്യമായ സ്ഥലങ്ങളിൽ മാത്രം ബാധകം)
- ബാനറുകൾ, കമാനങ്ങൾ, ബ്രോഷറുകൾ, ബിൽബുക്കുകൾ, സ്റ്റിക്കറുകൾ (കുടുംബശ്രീ വിപണന മേളയ്ക്ക് ആവശ്യമെങ്കിൽ മാത്രം)
- കുടുംബശ്രീ വിപണന പിന്തുണ സംവിധാനമായ സി.ആർ.പി.എം. മാരുടെ ഹോണറേറിയം, യാത്രാബത്ത, താമസചിലവുകൾ മുതലായവ. 8 മണിക്കൂർ വരെയുള്ള സേവനങ്ങൾക്ക് ദിവസേന 750/-രൂപയും 8 മണിക്കൂറിൽ കൂടുതലുള്ള സേവനങ്ങൾക്ക് 1000/-രൂപയും നൽകാവുന്നതാണ്. സി.ആർ.പി.എം-ന്റെ ബ്ലോക്ക് ആസ്ഥാനത്തുനിന്ന് വിപണന മേള നടക്കുന്ന സ്ഥലത്തേക്കുള്ള യഥാർത്ഥ യാത്രാബത്തയും നൽകാവുന്നതാണ്.
- മേളയുടെ നടത്തിപ്പിനാവശ്യമായ ദൈനംദിന ചിലവിനങ്ങൾ (വൈദ്യുതി, വെള്ളം, ഇന്ധനം, ശബ്ദം മുതലായവ) ഇപ്രകാരം സംഘടിപ്പിക്കുന്ന വ്യാപാര മേളകൾ കുറഞ്ഞത് മൂന്ന് മുതൽ അഞ്ച് ദിവസങ്ങളെങ്കിലും നീണ്ടു നിൽക്കുന്നവയും പത്ത് സംരംഭകർക്കെങ്കിലും വിപണനാവസരം പ്രദാനം ചെയ്യുന്നവയും ആയിരിക്കണം. ഒരു മേള സംഘടിപ്പിക്കുന്നതിന് മേൽപറഞ്ഞ ചിലവുകൾക്കായി പരമാവധി 1.5 ലക്ഷം രൂപവരെ ജില്ലാമിഷനുകൾക്ക് ചിലവഴിക്കാവുന്നതാണ്. 1.5 ലക്ഷത്തിന് മുകളിൽ ചിലവ് വരുന്ന ട്രേഡ് ഫെയറുകളുടെ പ്രൊപ്പോസൽ സംസ്ഥാനമിഷന് സമർപ്പിച്ച് അനുമതി നേടേണ്ടതാണ്. മേള

കഴിയുന്ന മുറക്ക് വിശദമായ റിപ്പോർട്ട് ജില്ലാ പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്), തയ്യാറാക്കി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ മുഖേന സംസ്ഥാനമിഷനിൽ സമർപ്പിക്കേണ്ടതാണ്.

അനുബന്ധം :
1. സ്പെഷ്യൽ ട്രേഡ് ഫെയർ നടത്തുന്നതിനായി അനുവദിക്കപ്പെട്ടിരിക്കുന്ന തുകയും ഫിസിക്കൽ ടാർജറ്റും
2. വെബ് മോണിറ്ററിംഗ് ടേബിൾ ഫോർമാറ്റ്-ട്രേഡ്ഫെയർ കഴിഞ്ഞ ഉടനെ നാളതീകരിക്കേണ്ടതാണ്.
3. അഡീഷണൽ റിപ്പോർട്ടിംഗ് ഫോർമാറ്റ് - സി.ആർ.പി/ബി.സി/ഡി.പി.എം തയ്യാറാക്കി നൽകേണ്ടത്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**അക്കൗണ്ട്സ് സെക്ഷൻ (തുക അനുവദിക്കുന്നതിലേയ്ക്കായി)**

**പകർപ്പ്**
കരുതൽ / അധികം

**ഉത്തരവിൻപ്രകാരം,**

**അക്കൗണ്ട്സ് ഓഫീസർ**

## Annexure –I

## SPECIAL TRADE FAIR

| Sl No | District / State | Physical Target (minimum) | Financial allotment [Rs] |
|---|---|---|---|
| 1 | Thiruvananthapuram | 4 | 600,000 |
| 2 | Kollam | 4 | 400,000 |
| 3 | Pathanamthitta | 4 | 400,000 |
| 4 | Alappuzha | 4 | 500,000 |
| 5 | Kottayam | 4 | 400,000 |
| 6 | Idukki | 4 | 400,000 |
| 7 | Ernakulam | 4 | 1,500,000 |
| 8 | Thrissur | 4 | 300,000 |
| 9 | Palakkad | 4 | 600,000 |
| 10 | Malappuram | 4 | 600,000 |
| 11 | Wayanad | 4 | 200,000 |
| 12 | Kozhikode | 4 | 500,000 |
| 13 | Kannur | 4 | 400,000 |
| 14 | Kasargod | 4 | 200,000 |

## ANNEXURE -II

| Special Trade Fairs – 2018 | | | | | | | | |
|---|---|---|---|---|---|---|---|---|
| **No** | **Districts** | **No of Special Trade Fairs Conducted in 2018-19** | **Cumulative Sales** | **Total Number of MEs participated** | **Sales Turnover of Non Farm Products** | **Number of JLGs Participated** | **Total Number days of special trade fair** | **Total Expenditure** |

## Annexure – III

**Additional Reporting Format by DPM/BC/CMF :**

| Name of District/Location : | | | Dates/Month/Year : | | | |
|---|---|---|---|---|---|---|
| No of MEs participated in current month* | No of MEs – Food Products / Sales | No of MEs – Handicrafts / Sales | No of MEs – Kitchen Utensils / Sales | No of MEs – Personal Care / Sales | No of MEs – Apparels / Sales | Expenditure (to be included by DPM) |
| | | | | | | |

* Names of Units/Sector to be enclosed